**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *88** **14.01.2021 ലെ മറുപടിയ്ക്ക്.**

# പഠനമുറി പദ്ധതി

| ചോദ്യം<br>**ശ്രീ. റ്റി.വി. രാജേഷ്.**<br>**ശ്രീ. കെ. ആൻസലൻ,**<br>**പ്രൊഫ.കെ.യു അരുണൻ,**<br>**ശ്രീ. കെ.ജെ. മാക്സി :** | | ഉത്തരം<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | 1. പഠനമുറി പദ്ധതി:- സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ്/ ടെക്നിക്കൽ/ സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി വകുപ്പ് 2017-18 മുതൽ നടപ്പാക്കുന്നുണ്ട്.<br>2. പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം 50% വർദ്ധിപ്പിച്ചു.<br>3. ലാപ് ടോപ് വാങ്ങുന്നതിന് നൽകുന്ന 25,000/- രൂപ ധനസഹായം കൂടുതൽ കോഴ്സുകൾക്ക് ലഭ്യമാക്കി. |

| | | | |
|---|---|---|---|
| | | | 4. ബി.ടെക് വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സാങ്കേതിക വകുപ്പ് മുഖേന പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>5. ബി. ടെക് കോഴ്സ് പൂർത്തിയായവരും എന്നാൽ ഡിഗ്രി ലഭിക്കാത്തവരുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ അവർ തോറ്റ വിഷയങ്ങൾക്കായി പ്രത്യേക ക്ലാസ് നടത്തുന്നതിനായി റെമഡിയൽ കോച്ചിംഗ് നടത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>6. നൃത്തസംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>7. 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എഡ്യുക്കേഷൻ എയ്ഡായി 2000/- രൂപാ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>8. വിദേശ പഠനത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറത്തിറക്കി.<br>9. സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Actual Boarding and Lodging Charge ആയി പരമാവധി 4500/- രൂപവരെ നൽകുന്നു. |

| | | | |
|---|---|---|---|
| | | | 10. +2 പഠനത്തിനുശേഷം മെഡിക്കൽ എഞ്ചിനീയറിംഗിന് എൻട്രൻസ് കോച്ചിംഗ് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>11. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി 30 പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്.<br>12. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ പരീക്ഷാ പരിശീലനം നടത്തിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് (സ്ഥാപനത്തിന് നൽകുന്നു), പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽഫീസ് തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വകുപ്പിന്റെ നിയന്ത്രത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രയിനിംഗ് സൊസൈറ്റി (ICSETS) മുഖേന നൽകുന്നു.<br>13. കൂടാതെ ICSETS മുഖേന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ പെൺകുട്ടികൾക്കായുള്ള ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആൺകുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.<br>സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ചതും ഗുണമേൻമയുള്ളതുമായ വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ഡിജിറ്റൽ ലൈബ്രറി സ്കൂൾ റേഡിയോ. ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം ഇ-ബുക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠന മുറി എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.<br>1. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെൻറർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.<br><br>2. സമഗ്ര ആദിവാസി സാക്ഷരത പദ്ധതിപ്രകാരം പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത - തുല്യതാ പരിപാടി - സമഗ്ര വിവിധ ജില്ലകളിൽ നിന്നും 100 പട്ടിക വർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>3. സെൻറർ ഓഫ് സ്കിൽ എക്സലൻസ്- 2017-18 ൽ വകുപ്പിന്റെ കീഴിൽ തിരവനന്തപുരത്ത് മണ്ണന്തലയിൽ സെൻറർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലനം സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടേക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനിയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡീയ, ഹാൻഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെൻറ് ഉറപ്പാക്കിയിട്ടുണ്ട്.<br><br>4. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തു ന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പ്ലസ്ടു വിജയശതമാനം ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.<br>5. മെൻറർ ടീച്ചർമാരുടെ നിയമനം<br>അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെൻർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞു പോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനായി 'പഠനമുറി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീട്ടുകളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവ./എയ്ഡ്/ടെക്കിനിക്കൽ/ സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലെ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിലവിലുള്ള വീടിനോടൊപ്പം 120 ച. അടി വലിപ്പത്തിൽ പഠനമുറി നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും, ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും, തറ ടൈൽപാകുന്നതിനും വാതിലും ജനലുകളും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും, വൈദ്യുതീകരിച്ച് ഫാൻ, ലൈറ്റ് |

| | | | |
|---|---|---|---|
| | | | എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| (ഡി) | പദ്ധതിപ്രകാരം ലക്ഷ്യം വച്ചതിൽ ഇതിനകം എത്ര പഠനമുറികളുടെ അനുമതി നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | (ഡി) | വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 25096 പഠന മുറികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 16685 പഠനമുറികൾ പൂർത്തീകരിച്ചു. |

Renuka Sankar

സെക്ഷൻ ഓഫീസർ